(സി) കമ്പനിയിൽ നിലവിലുള്ള ശമ്പളസ്കെയിലിൽ നിർദ്ദിഷ്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാലാണ് മറ്റൊരു പൊതുമേഖലാ സ്ഥാപനത്തിൽനിന്നും ജനറൽ മാനേജർ (ഫൈനാൻസ്) തസ്തികയിൽ ഒരാളെ ഡെപ്യൂട്ടേഷനിൽ നിയമിച്ചത്. കമ്പനിയിൽ ഉത്പാദനവർദ്ധനവുമൂലം അത്യാവശ്യമായ ജോലികൾക്ക് ജീവനക്കാരുടെ അപര്യാപ്തതയുണ്ടായതുകൊണ്ടാണ്, മറ്റൊരു പൊതുമേഖലാ സ്ഥാപനത്തിൽ നിന്നും മെഷീനിസ്റ്റ്, മെക്കാനിക്, വർക്ക് അസിസ്റ്റന്റ് തസ്തികയിൽ ഡെപ്യൂട്ടേഷനിൽ നിയമനം നടത്തേണ്ടി വന്നത്. ഓഫീസ് അസിസ്റ്റന്റ് തസ്തിക പി.എസ്.സി. ക്ക് വിട്ടിട്ടുള്ളതിനാൽ പി.എസ്.സി. നിയമനം വൈകുന്നതുമൂലമാണ് പ്രസ്തുത തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുള്ളത്.

കശുവണ്ടി വികസന കോർപ്പറേഷൻ നടത്തിയ തോട്ടണ്ടിപ്പരിപ്പ് ഇടപാടുകളുടെ വിശദ വിവരം

16 (2013) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ മുതലാളിമാർ തോട്ടണ്ടി വാങ്ങിയതിലും കൂടിയ വില നൽകിയാണ് കശുവണ്ടി വികസന കോർപ്പറേഷൻ കശുവണ്ടി വാങ്ങിയതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായോ എന്ന് വെളിപ്പെടുത്തുമോ ; വിശദവിവരങ്ങൾ വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കശുവണ്ടി വികസന കോർപ്പറേഷന് ഏതെല്ലാം ഇനത്തിൽ എന്തു തുക നൽകിയിരുന്നു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് താഴെപ്പറയുന്ന തുകകൾ കശുവണ്ടി വികസന കോർപ്പറേഷന് ലോണായി അനുവദിച്ചിരുന്നു.

1992 - 93 100 ലക്ഷം രൂപ.

1994 - 95 2,340 ലക്ഷം രൂപ.

1995 - 96 2697.50 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly